LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2010 ജൂലൈ 27, ചൊവ്വ

വാല്യം :143] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 22

നിയമസഭ 2010 ജൂലൈ മാസം 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ ചോദ്യം നമ്പർ *601

ജീവനക്കാർക്ക് അവാർഡ് നൽകുന്ന പദ്ധതി

1 (*601) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. എം. മോനായി :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിപ്പു കണ്ടെത്തുന്ന ഇന്റലിജൻസ്-ചെക്പോസ്റ്റ്-വാറ്റ് സർക്കിൾ വിഭാഗം ജീവനക്കാർക്ക് അവാർഡ് നൽകുന്ന പദ്ധതി നിലവിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) നികുതി വെട്ടിപ്പു കണ്ടെത്തിയ എത്ര ജീവനക്കാർക്ക് കഴിഞ്ഞ വർഷം അവാർഡ് നൽകി ;

(സി) അവാർഡ് പൊതു ചടങ്ങിൽ വച്ച് നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വാണിജ്യ നികുതി വകുപ്പിലെ കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് ട്രൈബ്യൂണൽ ബഞ്ചുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ,

(എ) നികുതി വെട്ടിപ്പു കണ്ടെത്തുന്ന ഇന്റലിജൻസ്-ചെക്ക്പോസ്റ്റ്- വാറ്റ് സർക്കിൾ വിഭാഗം ജീവനക്കാർക്ക് അവാർഡ് നൽകുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്റെ പ്രാരംഭ നടപടിയായി 2009-10 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുകയുണ്ടായി. സംസ്ഥാനത്തിനകത്തും പുറത്തും നികുതി വെട്ടിപ്പ് കണ്ടെത്തിയതായി തെളിയിക്കപ്പെട്ട, നികുതിയും കോമ്പൗണ്ടിംഗ് ഫീസും സർചാർജും വസൂലാക്കിയ കേസിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് 'ക്യാഷ് ഇൻസെന്റീവ്' നൽകിയിട്ടുണ്ട്.

(ബി) വൻ നികുതി വെട്ടിപ്പ് കണ്ടെത്തിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ഇന്റലിജൻസ് വിഭാഗത്തിലെ പതിനഞ്ച് ഉദ്യോഗസ്ഥർക്ക് ക്യാഷ് ഇൻസെന്റീവ് നൽകുകയുണ്ടായി.

(സി) അവാർഡിനെ സംബന്ധിച്ച് തീരുമാനിക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ഡി) വാണിജ്യ നികുതി വകുപ്പിലെ അപ്പീൽ കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കൊല്ലം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ ട്രൈബ്യൂണൽ, അഡീഷണൽ ബഞ്ചുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ പ്രാരംഭ നടപടിയായി 10-3-2010-ലെ ജി.ഒ.(എംഎസ്.) നമ്പർ 59/2010/ നി.വ. പ്രകാരം നാല് ജുഡീഷ്യൽ മെമ്പർമാരുടേയും, 8 പ്യൂണുകളുടേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി : സർ, വാളയാർ ചുരം കടന്നുവരുന്ന കാറ്റിനോട് പോലും കോഴ ചോദിക്കുമായിരുന്ന കേരളത്തിലെ ചെക്ക്പോസ്റ്റുകളെ അഴിമതിരഹിത ചെക്ക്പോസ്റ്റുകളായി മാറ്റുന്നതിന്റെ ഭാഗമായി നികുതി വെട്ടിപ്പ് കണ്ടെത്തുന്ന ജീവനക്കാർക്കും ചൂണ്ടിക്കാണിക്കുന്ന മാധ്യമങ്ങൾക്കും അവാർഡ് നൽകുന്ന അങ്ങയുടെ ധനകാര്യ മാനേജ്മെന്റ് കേരളത്തിന് പുതിയ ഒരു അനുഭവമാണ്. എന്റെ ചോദ്യം ചെക്ക്പോസ്റ്റുകളുടെ നികുതി വെട്ടിപ്പ് ഇല്ലാതാക്കാൻ പൂർണ്ണമായും കഴിഞ്ഞിട്ടുണ്ടോ ; ഇപ്പോൾ ചെക്ക്പോസ്റ്റുകളിലെ ജീവനക്കാർക്ക് നൽകുന്ന ഇൻസെന്റീവ് എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ഇപ്പോൾ മഞ്ചേശ്വരം, വാളയാർ, അമരവിള ചെക്ക്പോസ്റ്റുകളാണ് അഴിമതി രഹിത ചെക്ക്പോസ്റ്റുകളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ബാക്കിയുള്ള ചെക്ക്പോസ്റ്റുകളിലേക്ക് കൂടി ഈ സംവിധാനം കൊണ്ടുവരേണ്ടതുണ്ട്. ഇപ്പോൾ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം, പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലെല്ലാം സർവെയ്ലൻസ് ക്യാമറകൾ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കലാണ്. തിരുവനന്തപുരത്ത് കമ്മീഷണർ ഓഫീസിൽ ഇരുന്നും മന്ത്രി ഓഫീസിൽ ഇരുന്നും ഏത് ചെക്ക്പോസ്റ്റിലും എന്ത് നടക്കുന്നു എന്നുള്ളത് കാണാൻ സാധിക്കും. അങ്ങനെ ഒരു സംവിധാനം ഈ ഓഗസ്റ്റ് മാസം തന്നെ നിലവിൽ കൊണ്ടുവരുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: ഈ പുതിയ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നികുതി വെട്ടിപ്പ് തടയുന്നതിനുവേണ്ടി ചെക്ക്പോസ്റ്റ് പരിഷ്കാരം എങ്ങനെ മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്; വാളയാറിലെ വാണിജ്യ, എക്സൈസ്, ആർ.ടി.ഒ. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സംയോജിപ്പിക്കാനാവശ്യമായ സംയോജിത ചെക്ക്പോസ്റ്റിന്റേയും അതിന്റെ ഭാഗമായ സ്കാനറിന്റേയും ഇന്നത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ ?

ഡോ. തോമസ് ഐസക്: സർ, വാളയാർ ചെക്ക്പോസ്റ്റിലാണ് കേരളത്തിലെ ആദ്യത്തെ ആധുനിക സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നത്. എന്നാൽ ദൗർഭാഗ്യവശാൽ നാല് വർഷമായി ഇത് പറയുന്നു ചെയ്യാൻ കഴിഞ്ഞിട്ടില്ല. കാരണം മുപ്പത് ഏക്കർ ഭൂമി വേണം. ലാന്റ് അക്വിസിഷൻ നടപടികൾ കോടതിക്കുരുക്കിൽ കിടക്കുകയാണ്. ഒരു വർഷം മുൻപ് അതിന്റെ വാദം കഴിഞ്ഞിട്ട് വിധി റിസർവ് ചെയ്ത് വച്ചുകൊണ്ടിരിക്കുകയാണ്. എന്താണ് അതിന് കാരണം എന്ന് എനിക്കറിയില്ല. നമ്മുടെ ബഹുമാനപ്പെട്ട ജഡ്ജിമാർ വാളയാർ വഴി ഒന്ന് സഞ്ചരിക്കുക, അവിടെയുള്ള ബുദ്ധിമുട്ട് മനസ്സിലാക്കുക, പക്ഷേ ഒരു വർഷമായിട്ട് വിധി റിസർവ് ചെയ്തിരിക്കുകയാണ്. അതിന് തീർപ്പുണ്ടാക്കിക്കഴിഞ്ഞാൽ ഈ വർഷം തന്നെ അതിന് തറക്കല്ലിട്ട് സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കാം.

ശ്രീ. എ. എം. ആരിഫ് : സർ, സംതൃപ്തിദായകമായ ഒരു സിവിൽ സർവ്വീസിന്റെ പിൻതുണയും സഹായവും ഇല്ലാതെ യാതൊരു പരിഷ്കാരവും മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല. അക്കാര്യത്തിൽ അങ്ങ് വളരെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്ന ഒരുപാട് നടപടി സ്വീകരിക്കുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ അടക്കി വാണിരുന്ന, സിനിമയിലെ ഒരു കഥാപാത്രത്തിന്റെ പേരായ വാളയാർ പരമശിവൻമാരെ പോലുള്ള വീരശൂര പരാക്രമി വീരമണികണ്ഠൻമാരെയും വില്ലാളി വീരൻമാരെയുമെല്ലാം ഒരുപരിധിവരെ നിലക്കുനിർത്താനുള്ള നടപടികളാണ് അങ്ങ് ഇക്കാര്യത്തിൽ എല്ലാം സ്വീകരിച്ചു വന്നിട്ടുള്ളത്. അഴിമതി തടയാൻ അങ്ങെടുത്ത നടപടിയെ പരീക്ഷിക്കാൻ വേണ്ടി മലയാള മനോരമ ലേഖകൻ അവാർഡ് ഏറ്റുവാങ്ങുന്ന സന്ദർഭത്തിൽ നടത്തിയ പരിശ്രമങ്ങളെ സംബന്ധിച്ച് വിശദീകരിക്കുകയുണ്ടായി. അത് വലിയ ചലഞ്ചാണ്, ധൈര്യപൂർവ്വം എടുത്ത ഒരു നടപടിയാണ്. ഇത്തരത്തിൽ നടപടി സ്വീകരിക്കുമ്പോൾ, പരമശിവൻമാർ

LIBRARY ARCHIVES Kerala Legislative Assembly

വെറുതെ ഇരിക്കില്ല. അവർ കുറുക്കു വഴി സ്വീകരിക്കും. ആ കുറുക്കുവഴികൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇത്തരത്തിലുള്ള ചെക്ക്പോസ്റ്റുകളുടെ വരുമാനത്തിൽ വർദ്ധനവാണോ അതോ കുറവാണോ ഉണ്ടായിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ഡോ. തോമസ് ഐസക് : ചെക്ക്പോസ്റ്റുകളുടെ ഇന്നത്തെ ലക്ഷ്യം, വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കുകയെന്നതാണ്. നേരിട്ട് കളക്ട് ചെയ്യുകയല്ല. ആകെ ഇവിടെ അഡ്വാൻസ്ഡ് ടാക്സ് മാത്രമേ കളക്ട് ചെയ്യുന്നുള്ളു. കോഴിയുടെ നികുതിയുടെയൊക്കെ കാര്യത്തിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ട്. അഡ്വാൻസ്ഡ് ടാക്സ് ഇപ്പോൾ മുൻകൂറായിട്ട് നികുതി ഓഫീസിൽ അടച്ചിട്ട് ചരക്കുകൾ കൊണ്ടുവരാം. അപ്പോൾ ചെക്ക്പോസ്റ്റിന്റെ കളക്ഷൻ കുറയും. ചെക്ക്പോസ്റ്റിന്റെ യഥാർത്ഥ ധർമ്മം കേരളത്തിനുള്ളിലേക്ക് ആര് എന്തൊക്കെ ചരക്കുകൾ എത്ര തുകയ്ക്ക് കൊണ്ടു വരുന്നു എന്നുള്ളതിന്റെ കൃത്യമായ കണക്കുണ്ടാക്കലാണ്. ഒരാൾ റിട്ടേൺ തരുമ്പോൾ ഇങ്ങനെ കൊണ്ടുവന്ന ചരക്ക് പൂർണ്ണമായി കാണിച്ചില്ലെങ്കിൽ നമുക്ക് നികുതി വെട്ടിപ്പ് കണ്ടുപിടിക്കാൻ സാധിക്കും. ഇതിനുള്ള ഒരു വിവരാടിത്തറയുണ്ടാക്കലാണ് ചെക്ക്പോസ്റ്റുകളുടെ പ്രധാനപ്പെട്ട ധർമ്മം.

ശ്രീ. എം. എം. മോനായി : അസാധ്യമായത് പലതും സാധ്യമാക്കിയ മന്ത്രിയാണ് അങ്ങ്. സെൻട്രൽ എക്സൈസ്, പോലീസ് തുടങ്ങിയവയെപ്പോലെ സീക്രട്ട് ഫണ്ട് നികുതി വകുപ്പിന് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഡോ. തോമസ് ഐസക് : ഇത് സർക്കാരിന്റെ പരിഗണനയിലാണ്. ഒരു കോടിയെങ്കിലും സീക്രട്ട് ഫണ്ട് നൽകണമെന്നാണ് ഉദ്ദേശം. ഈ പണം ഉപയോഗിച്ച് ടെസ്റ്റ് പർച്ചേസ് നടത്താൻ സാധിക്കും. ബിൽ എഴുതാതെ ചരക്കുകൾ കൊടുക്കുന്നത് തെറ്റാണ്. അതുപോലെ അണ്ടർ വാല്യുവേഷൻ. ഇത്രയേയുള്ളു തുക എന്നു പറഞ്ഞുകഴിഞ്ഞാൽ സർക്കാരിന് ആ തുകയ്ക്ക് വാങ്ങിക്കാനുള്ള അവകാശം ഉണ്ടായിരിക്കും. ഇങ്ങനെയുള്ള കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കും വേണ്ടി നികുതി വകുപ്പിനും ഒരുകോടി രൂപയുടെ സീക്രട്ട് ഫണ്ട് ലഭ്യമാക്കുന്നതാണ്.

ശ്രീ. പി. റ്റി. എ. റഹീം: സർ, പൊതു വിൽപ്പന നികുതി, സർചാർജ്, കാർഷികാദായ നികുതി, ആഡംബര നികുതി എന്നീ നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശിക വെടിപ്പാക്കൽ നടപടി 2008-ൽ പ്രഖ്യാപിച്ചിരുന്നു. അത് എത്രമാത്രം വിജയപ്രദമായിട്ടുണ്ട് ; ഈ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ഈ വർഷം ഡിസംബർ വരെ ഈ സ്കീം നീട്ടിയിട്ടുണ്ട്. ഇത് വളരെ ഫലപ്രദമായിരുന്നു. ഇപ്പോൾ ആകെ 4278 കോടി രൂപയാണുള്ളത്. അതിൽ 149 കോടി രൂപ കഴിഞ്ഞ വർഷം പിരിച്ചു. അത്രയേ ബാക്കിയുള്ളു. അത് തന്നെ ഞങ്ങളുടെ പരിശോധന കാണിച്ചത് ട്രഷറി ചെലാൻ മിസ്സിംഗായിട്ടുള്ളത്, ഗവൺമെന്റ് നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

റെമിഷൻസ്, അല്ലെങ്കിൽ ഡിസ്ട്രിക്ട് കളക്ടർമാർ കളക്ട് ചെയ്യാൻ പറ്റില്ലെന്ന് പറഞ്ഞത്, സംസ്ഥാനത്തിനു പുറത്തുനിന്നുള്ള ഡിമാന്റ് അതല്ലെങ്കിൽ ബിസിനസ്സ് അടച്ചുപൂട്ടി സ്വത്തൊന്നും ഇല്ലാത്തത്, സർക്കാർ സ്വത്ത് ഏറ്റെടുത്തു കഴിഞ്ഞത് ഇങ്ങനെയുള്ളതെല്ലാം നീക്കിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ ആകെ വരുന്നത് കോടതിയുടെ സ്റ്റേ ഉള്ള 412 കോടി രൂപയും അപ്പലേറ്റ് അതോറിറ്റിയുടെ സ്റ്റേ ഉള്ള 175 കോടി രൂപയും സർക്കാരിന്റെ സ്റ്റേ ഉള്ള 24 കോടി രൂപയുമാണ്. അങ്ങനെ നോക്കുമ്പോൾ ശരിക്കുപറഞ്ഞാൽ കളക്ട് ചെയ്യാനുള്ളത് 673 കോടി രൂപ മാത്രമാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്ത് എത്ര അതിർത്തി ചെക്ക്പോസ്റ്റുകൾ നിലവിലുണ്ടെന്നും കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ ചെക്ക്പോസ്റ്റിലും എത്ര നികുതി വെട്ടിപ്പ് കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്നും കഴിഞ്ഞ വർഷം നികുതിയിനത്തിൽ എന്ത് വരുമാനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഡോ. തോമസ് ഐസക്: സർ, പ്രത്യേക ചോദ്യം വേണം. മനക്കണക്കായി പറയാൻ പ്രയാസമാണ്.

ശ്രീ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട മന്ത്രി വാളയാറിലെ സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം നടപ്പാക്കാൻ കഴിയാത്ത പ്രായോഗികമായ ബുദ്ധിമുട്ട് പറയുകയുണ്ടായി. കോടതിയുടെ മുൻപാകെ വാദങ്ങൾ നടത്തിയിട്ട് ഒരു വർഷമായി വിധി പുറപ്പെടുവിക്കാനുള്ള കാലതാമസം ഉണ്ടായിരിക്കുകയാണ്. ഇത് സംബന്ധിച്ച് അർജൻസി പെറ്റീഷൻ മൂവ് ചെയ്ത് ആ വിധിയുടെ അനിവാര്യത, പെട്ടെന്ന് വിധി പറയേണ്ട ആവശ്യകത കോടതിയെ ബോധ്യപ്പെടുത്താൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഡോ. തോമസ് ഐസക്: സർ, ഇത് അടിയന്തരമായി പരിഹരിച്ചു തരണമെന്ന് ആവശ്യപ്പെട്ട് ഞാൻ നിരന്തരമായി എ.ജി.യുടെ മുന്നിൽ അവതരിപ്പിച്ചിട്ടുള്ള പ്രശ്നമാണ്. യഥാർത്ഥത്തിൽ അവിടെയുണ്ടായിട്ടുള്ള തർക്കം അവിടെ ഒരു പഴയ കുളമുണ്ടായിരുന്നു. ആ കുളത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ പറഞ്ഞാണ് കേസ്സ്. ആ കുളം ഇപ്പോൾ ചതുപ്പു പോലെ കിടക്കുകയാണ്. പഴയ വില്ലേജ് മാപ്പ് എടുത്ത് അതിൽ എത്ര വിസ്തൃതിയുണ്ടോ ആ വിസ്തൃതിയിൽ സംരക്ഷിച്ചുകൊള്ളാം. കാരണം, ചെക്ക്പോസ്റ്റ് പ്ലാസ വരുമ്പോൾ അതിന് ജലാശയമുള്ളത് നല്ലതു തന്നെയാണ്. എന്നുപോലും ഉറപ്പ് നൽകിയിട്ടും ഇതുസംബന്ധിച്ച് തീരുമാനം ഉണ്ടാകുന്നില്ല, നീണ്ടുനീണ്ടു പോകുകയാണ്. അടിയന്തരമായി ഇത് പരിഹരിക്കാൻ കഴിഞ്ഞാൽ ഒരു സംശയവും വേണ്ട, ഈ വർഷംതന്നെ പ്ലാസയുടെ പ്രവർത്തനം ആരംഭിക്കാം ഓർഡർ ഒക്കെ റെഡിയാണ്. സ്കാനേഴ്സിന് ഏത് ടെക്നോളജി വേണം, എങ്ങനെ വേണം അതിന്റെ ബിസിനസ് മോഡൽ ഇതൊക്കെ തീരുമാനിച്ചിട്ട് വർഷങ്ങളായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഇത്രയും സദുദ്ദേശപരമായി നടപടികൾ നടത്തിയാലും അഴിമതിരഹിത ജീവനക്കാർ ഇല്ലാത്തിടത്തോളം കാലം അഴിമതി രഹിത ചെക്ക്പോസ്റ്റ് കൊണ്ട് വലിയ അർത്ഥമില്ല. അതു കൊണ്ട് അവാർഡ് കൊടുക്കുന്നതോടൊപ്പംതന്നെ കുറ്റം ചെയ്ത ആളു കൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സന്നദ്ധമാകുമോ; അങ്ങനെ ഈ സാമ്പത്തിക വർഷത്തിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്ന് വെളിപ്പെടു ത്താമോ ?

ഡോ. തോമസ് ഐസക് : ഈ സാമ്പത്തിക വർഷം ശിക്ഷിച്ചവരുടെ എണ്ണം ഞാൻ പിന്നീട് വേണമെങ്കിൽ സഭയിൽ വെളിപ്പെടുത്താം. വെറുതെ പറയാൻ കഴിയില്ല. പക്ഷേ അഴിമതി രഹിതരായ ജീവനക്കാരുണ്ട്. അമരവിള ചെക്ക്പോസ്റ്റിലെ ജീവനക്കാരൊന്നും പുറത്തുനിന്ന് കൊണ്ടു വന്നവരല്ല. നമ്മുടെ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർ തന്നെയാണ്. പ്രശ്നമെന്താണെന്നുവച്ചാൽ സത്യസന്ധമായി ഒരാൾക്ക് പ്രവർത്തിക്കണമെന്ന് ആഗ്രഹിച്ചാലും അതിന് പറ്റാത്ത വ്യവസ്ഥയും സാഹചര്യവുമാണ് ഇന്ന് പല യിടത്തും നിലനിൽക്കുന്നത്. അതിനൊരു മാറ്റം വരുത്താൻ ഇച്ഛാശക്തിയുള്ള കുറച്ച് ഉദ്യോഗസ്ഥരെ കണ്ടെത്തിയാൽ നമുക്ക് ചെയ്യാൻ പറ്റും.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, മഞ്ചേശ്വരം വാണിജ്യനികുതി ചെക്ക്പോസ്റ്റ് അഴിമതിരഹിത ചെക്ക്പോസ്റ്റായി പ്രവർത്തിക്കുകയാണ്. അഴിമതി നടക്കുന്നുണ്ടെന്ന ഒരു പരാതിയും അവിടെനിന്ന് ഉയർന്നുവന്നിട്ടില്ല. പക്ഷേ അവിടുത്തെ പ്രധാനപ്രശ്നം, അവിടെ അടിസ്ഥാന സൗകര്യം തീരെ യില്ല, ഉദ്യോഗസ്ഥരും വാഹനങ്ങളും ജനങ്ങളുമെല്ലാം ബുദ്ധിമുട്ടുന്നുവെന്നു ള്ളതാണ്. റോഡ് പലപ്പോഴും ബ്ലോക്കാകുന്നു. അവിടെ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റിനുവേണ്ടി ഭൂമി അക്വിസിഷൻ നടപടി പൂർത്തിയായി അഞ്ചര ഏക്കർ ഭൂമി ഇപ്പോൾതന്നെ ടേക്ക്ഓവർ ചെയ്തുകഴിഞ്ഞു. ഈ സാഹചര്യത്തിൽ അവിടെ പുതിയ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, അടിയന്തരമായി സ്വീകരിക്കാം. ഞാൻ വേണമെങ്കിൽ അവിടെ സന്ദർശിക്കുകയും ചെയ്യാം. പക്ഷേ ഞാൻ മനസ്സിലാക്കിയത് നടപടി ആരംഭിച്ചശേഷം അതിന്റെയുള്ളിൽ ചെറിയ അമ്പലം പോലെ വച്ചു, അതുകൊണ്ടാണ്. വക്കാലത്തിന് പോകാൻ പറ്റില്ല. ബഹുമാനപ്പെട്ട എംഎൽഎ. ഇടപെട്ട് ഈ പ്രശ്നം പരിഹരിച്ചെങ്കിൽ ഒരു സംശയവും വേണ്ട, നടപടികൾ നീക്കുകയും പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ അതിന്റെ തറക്കല്ല് ഇടുകയും ചെയ്യാം.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് പറഞ്ഞു, ഇപ്പോൾ ചെക്ക് പോസ്റ്റുകളിൽ വേറെ കളക്ഷനൊന്നുമില്ല, അഡ്വാൻസ്ഡ് ടാക്സ് കളക്ഷനാണെന്ന്. ഈ സർക്കാർ വന്നശേഷമാണ് ചെക്ക്പോസ്റ്റുകളുടെ ചരിത്രത്തിൽ അഡ്വാൻസ്ഡ് ടാക്സ് കളക്ഷനുമായി ബന്ധപ്പെട്ട ഏറ്റവും വലിയ തട്ടിപ്പ് അരങ്ങേറിയത്. വ്യാജ പേ ഓർഡറും വ്യാജ ഡ്രാഫ്റ്റും

കൊടുത്ത് കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് വ്യാപാരികളും ഉദ്യോഗസ്ഥരും കൂട്ടുചേർന്ന് നടത്തി. അതുമായി ബന്ധപ്പെട്ട കേസ്സ് എവിടെവരെ എത്തി; എത്ര ജീവനക്കാർക്ക് എതിരായി നടപടിയെടുത്തു; ആ നടപടി ഇപ്പോഴും നിലവിലിരിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും വ്യാപാരികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എന്താണ് ഈ കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളത് ?

ഡോ. തോമസ് ഐസക്: സർ, കേസ് പോലീസ് അന്വേഷിച്ചു കൊണ്ടിരിക്കുന്നു. വിദേശത്തേക്ക് രക്ഷപ്പെട്ട പ്രതികളിൽ ചിലരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ മുഖ്യകണ്ണികൾ ഇപ്പോഴും വിദേശത്തുതന്നെയാണ്. അവരെ അവിടെനിന്ന് എക്സ്ട്രഡിറ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് ആ ചെക്ക്പോസ്റ്റിൽ ക്രമക്കേട് തുടങ്ങിയ കാലംമുതലുള്ള മുഴുവൻ ജീവനക്കാരേയും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് അന്വേഷണം നടത്തിയതിൽ ഇന്ന് നിലവിലുള്ള ജീവനക്കാർക്കൊന്നും ഇതിൽ പങ്കില്ലെന്നും അവർ ബോധപൂർവ്വം തെറ്റ് കാണിച്ചിട്ടില്ലെന്നും ഞങ്ങൾക്ക് ബോധ്യപ്പെടുകയുണ്ടായി. പേ ഓർഡർ കൃത്രിമമായി ഡിമാന്റ് ഡ്രാഫ്റ്റ് രൂപത്തിലാണ് വരുന്നത്. ഇത് ഇന്നും കഴിഞ്ഞ ബാച്ചിലും വന്ന ജീവനക്കാരെല്ലാവരും അവർക്കുമുമ്പ് തുടങ്ങിവച്ചത് അവർ തുടർന്നുപോകുകയാണ് ചെയ്തത്. ഇപ്പോൾ ആദ്യത്തെ തുടക്കക്കാർ റിട്ടയർ ചെയ്തിട്ടുണ്ട്. അവരെയും കേസ്സിൽ പ്രതിയാക്കിയിട്ടുണ്ട്. പോലീസാണ് കേസ്സ് ചാർജ്ജ് ചെയ്യുന്നത്. പോലീസ് അതിന്റെ നടപടി നീക്കും. എന്നാൽ ഡിപ്പാർട്ടുമെന്റിന് ഇത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവരുടെ സസ്പെൻഷൻ ഞാൻ പിൻവലിച്ചിട്ടുണ്ട്.

ശ്രീ. എം. ഹംസ: സർ, നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനു വേണ്ടി സർക്കാർ ജീവനക്കാരെ നന്നായി അണിനിരത്തുന്നതിൽ അങ്ങ് വിജയിച്ചു. അതുപോലെതന്നെ വ്യാപാരികൾക്കും വ്യവസായികൾക്കും സംതൃപ്തി നൽകുന്നതിലും അങ്ങ് വിജയിച്ചിട്ടുണ്ട്. നികുതി പിരിക്കുന്നതിൽ ഏറെ സഹായിച്ച വ്യാപാരികൾക്കും വ്യവസായികൾക്കും ഈ ഗവൺമെന്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഭാവിയിൽ എന്തെല്ലാമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഡോ. തോമസ് ഐസക്: സർ, കേരളത്തിലെ ഏറ്റവും നല്ല നികുതിദായകർക്ക് എല്ലാ വർഷവും അവാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ ആഴ്ച അവസാനം എറണാകുളത്ത് വച്ച് ഏഴ് വിഭാഗങ്ങളിൽ ഏറ്റവും നല്ല നികുതിദായകരായിട്ടുള്ള മൂന്നുപേരെ വീതം സർക്കാർ ആദരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ സർക്കാരിന്റെ നടപടിക്രമങ്ങളോടെല്ലാം വളരെയധികം സഹകരിക്കുകയും വാറ്റ് നികുതി സമ്പ്രദായം ഈ രീതിയിൽ കൊണ്ടുവരാൻ സഹായിക്കുകയും ചെയ്തിട്ടുള്ള ചില വ്യാപാരികളുണ്ട്. അവർക്കുള്ള ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ശ്രീ. പി. വി. ജോസഫിന് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, രണ്ടുദിവസം മുമ്പ് ഞാൻ വാളയാർ ചെക്ക്പോസ്റ്റുവഴി പോയി. അങ്ങ് പറഞ്ഞതുപോലെ രണ്ടു സൈഡിലും നൂറുകണക്കിന് വാഹനങ്ങൾ കിടക്കുകയാണ്. വാളയാറിലെ സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണത്തെക്കുറിച്ച് അങ്ങ് പറഞ്ഞത് സ്ഥലം ചോദിച്ചു, പക്ഷേ കിട്ടിയില്ല, കേസ്സ്, കോടതി ഇതൊക്കെ പറയുന്നു. പക്ഷേ എന്നാലും അതിൽ ഒരു അർജൻസി പെറ്റീഷൻ മൂവ് ചെയ്തിരുന്നെങ്കിൽ ഗവൺമെന്റിന് കിട്ടുമായിരുന്നു. അങ്ങയുടെ ഉത്തരത്തിലെ സൂചന, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് പോലും വേണ്ടവിധം പ്രവർത്തിച്ചില്ലെന്നുള്ളതാണ്. വാളയാർ ചെക്ക്പോസ്റ്റ് അങ്ങ് ടൈറ്റൻ ചെയ്യാൻ ശ്രമിക്കുമ്പോൾ ഗോപാലപുരത്തുള്ള അഞ്ച് ഓപ്പണിംഗ് അവിടെ കിടക്കുകയാണ്. കോട്ടത്തറ-അഗളി-മണ്ണാർക്കാട് വഴി ഇപ്പോൾ ഒരു ഗ്രീൻ ചാനൽപോലെ ഒരു റോഡ് പ്രവർത്തിച്ചുകൊണ്ടേയിരിക്കുകയാണ്. വാളയാർ ചെക്ക്പോസ്റ്റ് ടൈറ്റൻ ചെയ്യുമ്പോൾ ഈ റോഡുകളിലൂടെയെല്ലാം സാധനങ്ങൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരികയാണ്. ഞാൻ മിനിഞ്ഞാന്ന് കടന്നുപോയ കോട്ടത്തറ-അഗളി- മണ്ണാർക്കാട് റോഡിൽ ഒരു ചെക്കിംഗും ഇല്ല. അവിടെ ഓപ്പൺ ആക്കിയിട്ടുകൊണ്ട് ഇവിടെ ടൈറ്റൻ ചെയ്തു എന്നുവരുത്തുന്നത് ഒരു പബ്ലിസിറ്റി ഐറ്റം എന്നുള്ളതല്ലാതെ സംസ്ഥാനത്തിന്റെ താൽപ്പര്യം പരിഗണിക്കപ്പെടുന്നില്ലെന്ന് അങ്ങേക്ക് ബോധ്യപ്പെട്ട് ഇതിന്റെമേൽ നടപടിയെടുക്കുന്നതിനു വേണ്ടി തയ്യാറാകുമോ ?

ഡോ. തോമസ് ഐസക്: സർ, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് വേണ്ട തരത്തിൽ പ്രവർത്തിച്ചില്ല എന്നൊരു ദുഃസൂചനയില്ല, അദ്ദേഹം അതിന് പരിശ്രമിച്ച് ക്ഷീണിച്ചുനിൽക്കുകയാണെന്നാണ് തോന്നുന്നത്. കാരണം ഞാൻ അത്രയേറെ ഈ കാര്യത്തെക്കുറിച്ച് അദ്ദേഹത്തെ ശല്യപ്പെടുത്താറുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ചെക്ക്പോസ്റ്റുകൾ നമ്മൾ ടൈറ്റൻ ചെയ്യുമ്പോൾ പുതിയ ഊടുവഴികളുണ്ടാകും. അതുകൊണ്ടാണ് ഇപ്പോൾ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്, ചില റോഡുകളിലൂടെ ചരക്ക് വരുന്നത് നിരോധിക്കുകയാണ്. ഇന്ന ചെക്ക്പോസ്റ്റു വഴി മാത്രമേ വരാൻ അവകാശമുള്ളു എന്നു കമ്മീഷണർ പറയുകയാണ്. ഇവിടെയൊക്കെ വൺമാൻ ചെക്ക് പോസ്റ്റ് ഇട്ടാൽ മതി. അവിടെ നികുതി കളക്ഷനോ രേഖ പരിശോധനയോ ഇല്ല. ഇതിലൂടെയേ വണ്ടി പോകാൻ പറ്റൂ എന്ന് പറയാൻ വേണ്ടി മാത്രമാണ്. അത്തരത്തിൽ ഒരു രീതി കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് തീർച്ചയായും പരിശോധിച്ച് മേൽ നടപടി സ്വീകരിക്കും.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, വാണിജ്യ നികുതി വകുപ്പിലെ കേസ്സുകൾ തീർപ്പാക്കുന്നതിന് ട്രൈബ്യൂണലുകൾ പ്രവർത്തിക്കുന്നതായി അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചു. ആ ട്രൈബ്യൂണലിനെ സമീപിക്കണമെങ്കിൽ 50 ശതമാനത്തിലേറെ വരുന്ന സംഖ്യ കെട്ടിവയ്ക്കേണ്ടതായുണ്ട്. പ്രവർത്തനം നിലച്ച് സ്തംഭനാവസ്ഥയിൽ കിടക്കുന്ന സ്ഥാപനങ്ങൾക്കുപോലും ഈ വ്യവസ്ഥയുള്ളതുകൊണ്ട് നീതി ലഭിക്കുന്നില്ല. അതുകൊണ്ട്

പ്രവർത്തനം പല കാരണങ്ങളാൽ നിലച്ചുപോയ സ്ഥാപനങ്ങളെ ഈ വ്യവസ്ഥയിൽനിന്ന് ഒഴിവാക്കി അവർക്ക് ന്യായമായ പരിഹാരം ഉണ്ടാക്കി കൊടുക്കുന്നതിന് നേരത്തെ നടത്തിയതുപോലുള്ള അദാലത്തോ നിയമത്തിൽ ഭേദഗതിയോ വരുത്തി ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പുതിയ സമീപനം ദയവായി സർക്കാർ സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ആംനെസ്റ്റി സ്കീം ഡിസംബർ വരെ നീട്ടിയിട്ടുണ്ട്. അതുകൊണ്ട് അവർക്ക് വരാം. പക്ഷേ ഈ നിശ്ചിത ശതമാനം അടയ്ക്കണമെന്നുള്ള വ്യവസ്ഥ ഉപേക്ഷിച്ചു കഴിഞ്ഞാൽ മിടുക്കൻമാർ കോടതിയിൽ അപ്പീലിന് പോകും, ഈ കേസ്സ് അനന്തമായി നീട്ടിക്കൊണ്ടുപോകും. സർക്കാരിന് പണം വരില്ല. അതുകൊണ്ട് പാതിയെങ്കിലും ഡിമാന്റ് വരട്ടെ, ബാക്കി കോടതി തീരുമാനിക്കട്ടെ എന്നുള്ളതാണ്. പക്ഷേ ഇങ്ങനെയുള്ള കേസ്സുകൾക്ക് അടിയന്തരമായി ഡിസംബർ വരെ അവർക്ക് സാവകാശം നൽകിയിരിക്കുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, നികുതി വെട്ടിപ്പ് തടയാനും നമ്മുടെ ചെക്ക്പോസ്റ്റുകൾ അഴിമതി രഹിതമാക്കാനും അങ്ങ് കഠിന പ്രയത്നം നടത്തുകയാണ്. അങ്ങയുടെ ഉദ്ദേശശുദ്ധിയെ ഞാൻ മാനിക്കുകയാണ്. മൂന്ന് ചെക്ക്പോസ്റ്റുകൾ അങ്ങ് അഴിമതി രഹിതമായി പ്രഖ്യാപിച്ചു. എന്നാൽ നമ്മുടെ ചെക്ക്പോസ്റ്റുകളിലൂടെ ഇപ്പോഴും സ്പിരിറ്റ് ഒഴുകിയെത്തുന്നുവെന്ന് എക്സൈസ് വകുപ്പുമന്ത്രി പറയുന്നു. അനധികൃത സ്പിരിറ്റ് ഒഴുക്ക് കർശനമായി തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ?

ഡോ. തോമസ് ഐസക്: സർ, ഇവിടങ്ങളിലെല്ലാം എക്സൈസ് ചെക്ക്പോസ്റ്റ് കഴിഞ്ഞിട്ടാണ് വാണിജ്യ നികുതി ചെക്ക്പോസ്റ്റ്. എക്സൈസ് ചെക്ക്പോസ്റ്റിൽ സ്പിരിറ്റ് ക്ലിയർ ചെയ്തിട്ടുണ്ടെങ്കിൽ വാണിജ്യ നികുതി ചെക്ക് പോസ്റ്റിൽ പിന്നെ അതിനെക്കുറിച്ച് അന്വേഷണമില്ല. അവർ പേപ്പറുകൾ മാത്രമാണ് നോക്കുന്നത്. സംശയാസ്പദമായിട്ടുള്ള വാഹനങ്ങളിൽ റാന്റം ആയി പേപ്പറിൽ പറഞ്ഞതുതന്നെയാണോ വണ്ടിയിലുള്ളത് എന്ന് നോക്കും. എല്ലാ വണ്ടിയും സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റിൽ നിർത്തി പരിശോധിക്കാൻ പോയാൽ വണ്ടിനീക്കം ഇല്ലാതാകും. അതുകൊണ്ട് അത് എക്സൈസ് ചെക്ക്പോസ്റ്റ് നോക്കേണ്ടതാണ്. അതിനുള്ള ഉത്തരവാദിത്തം വാണിജ്യനികുതി ചെക്ക്പോസ്റ്റ് ഏറ്റെടുക്കില്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, അങ്ങയുടെ മറുപടിയിൽ ആകെ 673 കോടി രൂപ കിട്ടാനുള്ളതിൽ 412 കോടി രൂപയും കോടതികേസ്സുകളിൽപ്പെട്ട് കിടക്കുകയാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. കോടതി

LIBRARY ARCHIVES Kerala Legislative Assembly

കേസ്സുകൾ വളരെ വേഗത്തിൽ സെറ്റിൽ ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനമുണ്ടാക്കുമെന്ന് നേരത്തെ സഭയിൽ അങ്ങ് പറഞ്ഞിട്ടുള്ളതാണ്. ആ കാര്യം സംബന്ധിച്ച് എന്താണ് നടപടി നീങ്ങിയത്; വാണിജ്യനികുതി അസസ്സ്മെന്റിന്റേയും വാറ്റിന്റേയും ധാരാളം അപ്പീലുകൾ കെട്ടിക്കിടക്കുന്നത്. സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ഇപ്പോൾ ഇവിടെ പറഞ്ഞ വസ്തുത വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ സാമാന്യ ധാരണയ്ക്ക് വിരുദ്ധമായിട്ടുള്ള താണ്. ആയിരക്കണക്കിന് കോടി രൂപയുടെ കുടിശ്ശികയെന്നുള്ളത് ഇല്ല. 672 കോടി രൂപയാണ് പിരിക്കാനുള്ളത്. 412 കോടി രൂപയുടേതിനാണ് കോടതിയിൽ കേസ്സുള്ളത്. കാലാകാലങ്ങളിൽ റിവ്യൂവും മറ്റും നടത്തുന്നതുകൊണ്ടാണ് ഇപ്പോൾ ഇത്രയും കുറഞ്ഞിരിക്കുന്നത്. ഇപ്പോൾ ധാരാളം വാറ്റ് കേസ്സുകൾ അപ്പീലിൽപ്പെട്ടുകിടക്കുന്നുണ്ട്. അത് പെട്ടെന്ന് തീർക്കുന്നതിനുവേണ്ടിയാണ് അസിസ്റ്റന്റ് കമ്മീഷണർമാർക്കുകൂടി അപ്പീൽ കേൾക്കാനുള്ള അവകാശം നൽകിയിട്ടുള്ളത്.

ശ്രീ. എൻ. ശക്തൻ : സർ, ചെക്ക്പോസ്റ്റുകളിൽ ഓരോ വകുപ്പിനും ഓരോ സ്ഥലമാണ്. ഇപ്പോൾ എക്സൈസിന് ഒരു സ്ഥലം, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന് ഒരു സ്ഥലം, നികുതി വകുപ്പിന് ഒരു സ്ഥലം. ഇത് അഴിമതി വർദ്ധിപ്പിക്കുന്നതിനോ, അഴിമതി ചെയ്യുന്നതിനോ അവർക്ക് സൗകര്യം ലഭിക്കുന്നു. ഇതെല്ലാംകൂടി ഒരു സ്ഥലത്തായാൽ അഴിമതി കുറയ്ക്കുന്നതിന് സഹായിക്കും. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? അതോടൊപ്പം ചെക്ക്പോസ്റ്റുകളിലെ അഴിമതി റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തകർക്ക് അങ്ങ് അവാർഡ് പ്രഖ്യാപിച്ചു. എത്രപേർക്ക് ഇതിനകം അവാർഡ് കൊടുത്തുവെന്ന് പറയാമോ ?

ഡോ. തോമസ് ഐസക് : സർ, നാല് മാധ്യമപ്രവർത്തകർക്ക് അവാർഡ് നൽകിയിട്ടുണ്ട്. മറ്റൊരാൾ തെളിവുമായിട്ട് വരാത്തതുകൊണ്ടാണ് അവാർഡ് കൊടുക്കാൻ കഴിയാതെ പോയത്. ചെക്ക്പോസ്റ്റുകളെ ഒരുമിച്ച് ഒരു കേന്ദ്രത്തിൽ കൊണ്ടുവന്നതുകൊണ്ട് അഴിമതി ഇല്ലാതാകുകയില്ല. ഇപ്പോൾ ഗോപാലപുരം പോലുള്ളിടത്ത്, തൊട്ടപ്പുറത്ത് വേറെ ചെക്ക്പോസ്റ്റുണ്ട് ഒരു ബിൽഡിംഗിൽത്തന്നെ. ഇപ്പുറത്ത് കൈക്കൂലി വാങ്ങുന്നു. ആ സാഹചര്യത്തിൽ കൈക്കൂലി വാങ്ങാതിരിക്കുകയെന്നുപറഞ്ഞാൽ മാനസ്സികമായ വലിയ തന്റേടം വേണം. അതുകൊണ്ട് തൽക്കാലികമായിട്ടെങ്കിലും മാറ്റിയിരുത്താൻ പറ്റുമോയെന്നുള്ള ശ്രമമാണ് ഞാൻ ഇപ്പോൾ നടത്തുന്നത്. ചെക്ക്പോസ്റ്റുകളെ ഒരുമിച്ചിരുത്തുന്നത് ആധുനികമായ സങ്കേതങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇപ്പോൾ സ്കാനറുണ്ട്. സ്കാനറിൽനിന്നും കിട്ടുന്ന വിവരം എല്ലാവർക്കും ഒരുപോലെ കിട്ടും. എന്നാൽ സ്കാനിംഗ് പ്രവർത്തിപ്പിക്കുന്ന ഏജൻസി വേറെയാണ്. അപ്പോൾ പിന്നെ വേറെ ഇടപാട് അതിൽ നടക്കില്ല. വേയിംഗ് മെഷീൻ കോമൺ ആയിരിക്കും. പക്ഷേ വേറെ ഏജൻസിയായിരിക്കും ചെയ്യുക. എന്നിട്ട് അതിന്റെ വിവരം എല്ലാ ചെക്ക്പോസ്റ്റുകൾക്കും നൽകുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നത്. അപ്പോൾ ആ രീതിയിലുള്ള സംവിധാനമാണ് സംയോജിത ചെക്ക്പോസ്റ്റ് എന്നുപറയുന്നത്. നേരത്തെ പറഞ്ഞപോലെ അതിന് ചെറിയ സ്ഥലം പോര. വാളയാർ ആണെങ്കിൽ 30 ഏക്കർ വേണം. അമരവിള യിലാണെങ്കിൽ സ്ഥലം അന്വേഷിച്ചുനടക്കുകയാണ്. ഇപ്പോൾ 10 ഏക്കർ അല്ലെങ്കിൽ അഞ്ചാറ് ഏക്കർ ഭൂമി ഇല്ലാതെ നമുക്ക് ചെയ്യാനൊക്കില്ല. മുത്ത ങ്ങയിൽ അതിന്റെ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അക്വിസിഷൻ നടപടികൾ നട ക്കുന്നു. മഞ്ചേശ്വരത്ത് സ്ഥലം ഏറ്റെടുക്കുന്നത് കഴിഞ്ഞു. അവിടെ, അങ്ങ് പറഞ്ഞതുപോലെ, സംയോജിതമായിട്ടുള്ള ചെക്ക്പോസ്റ്റിന് ആദ്യം തുടക്കം കുറിക്കാൻ പറ്റും.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, സംസ്ഥാനഗവൺമെന്റിന്റെ ബഡ്ജറ്റ് സാധാരണ വരുമ്പോൾ ജനങ്ങൾക്കിടയിൽ ഒരു നെഞ്ചിടിപ്പാണ്. ഏതെല്ലാം സാധനങ്ങൾക്ക് നികുതിവരുന്നുവെന്ന ഭയപ്പാടുകൊണ്ടാണ് ആ നെഞ്ചിടിപ്പ് ഉണ്ടാകുന്നത്. സാധനങ്ങളുടെ വിലക്കുടുതൽ മാത്രമല്ല പുതിയ നികുതികളും സാധാരണക്കാരെ ബാധിക്കുമെന്ന ഭയമാണ്. പക്ഷേ കഴിഞ്ഞ നാല് വർഷമായി താങ്കൾ അക്കാര്യത്തിൽ ജനങ്ങളെ ഉപദ്രവിക്കാതെ വരുമാനം കണ്ടെത്താൻ ശ്രമിച്ചതിന്റെ ഭാഗമായിട്ടാണ് ചെക്ക്പോസ്റ്റുകളുടെ അഴിമതി തടയാനും വരുമാനം ഉണ്ടാക്കാനും കഴിഞ്ഞിട്ടുള്ളത്. നേരത്തെ അങ്ങ് പറയുകയുണ്ടായി, അങ്ങയുടെ ഓഫീസിൽ ഇരുന്നുകൊണ്ടുതന്നെ എല്ലാ ചെക്ക്പോസ്റ്റുകളും നിരീക്ഷിക്കുന്ന വിധത്തിൽ സ്കാനറും അതു പോലെ എക്സ്റേയുമെല്ലാം സംഘടിപ്പിക്കുമെന്ന്. ഇതെല്ലാം വയ്ക്കുന്നതിന്റെ ഫലമായി ഈ നാട്ടിൽ നടക്കുന്നതും മറ്റ് ചെക്കുപോസ്റ്റുകളിൽ നടക്കുന്നതുമായ മുഴുവൻ കൊള്ളരുതായ്മകളും കണ്ടെത്തി മനസ്സിലാക്കാൻ കഴിയുകയും അതുവഴി സംസ്ഥാനത്തിന് വരുമാനം കൂട്ടാനും അഴിമതി കുറയ്ക്കാൻ ഇടയാക്കുകയും ചെയ്യുമെന്നുള്ളതിനാൽ കാലതാമസ്സം വരുത്താതെ ഇത്തരം സംവിധാനങ്ങൾ ഇൻസ്റ്റാൾ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ഇപ്പോൾ അമരവിളയിലാണ് ആദ്യം സ്ഥാപിച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനം തുടങ്ങുന്ന ദിവസം പത്രപ്രവർത്ത കരെയെല്ലാം വിളിച്ച് അത് എങ്ങനെയാണ് പ്രവർത്തിപ്പിക്കുന്നതെന്ന് കാണി ക്കാൻ പറ്റുമെന്നാണ് കരുതുന്നത്. ഈ സംവിധാനം പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലെല്ലാംകൂടി സ്ഥാപിക്കുന്നതിന് ഏതാണ്ട് ഒരു കോടി രൂപ യോളം ചെലവ് വരും. ആ ചെലവ് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, വാളയാറിലുള്ള ദുരന്തം എന്താണെന്നു വച്ചാൽ എക്സൈസ് ചെക്ക്പോസ്റ്റ്, മോട്ടോർ വെഹിക്കിൾസ് ചെക്ക്പോസ്റ്റ്, ഫോറസ്റ്റ് ചെക്ക്പോസ്റ്റ് എന്നിവിടങ്ങളിലുള്ള മാന്യന്മാർ ക്ലിയറൻസ് നൽകിയ രേഖ മാത്രം പരിശോധിച്ച് വാണിജ്യനികുതി വകുപ്പിൽനിന്ന് വന്ന

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങളിൽ നിന്ന് സ്പിരിറ്റ് അടക്കം പിടിച്ചിട്ടുണ്ട്. അപ്പോൾ വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അവാർഡ് കൊടുക്കുമ്പോൾ ഇങ്ങനെ വണ്ടിവിടുന്നവർക്ക് ഒരു പൊന്നാടയും കൂടി കൊടുക്കേണ്ടത് അത്യാവശ്യമാണ്. അത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് ഇവിടെ ശ്രീ. എൻ. ശക്തൻ പറഞ്ഞതാണ് പരിഹാരമാർഗ്ഗം. ഞാനും ഉദ്ഘാടനത്തിന് വന്നതാണ്. ഒരു കോമ്പൗണ്ടിൽ ഈ നാല് ചെക്ക്പോസ്റ്റുകളും വരാതെ ഏതെങ്കിലും ഒരു ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ മാത്രം സത്യസന്ധരായതുകൊണ്ട് കാര്യമില്ല. ഈ കാര്യത്തിൽ അങ്ങയുടെ അടിയന്തരശ്രദ്ധ പതിയുമോ ?

ഡോ. തോമസ് ഐസക്: സർ, ഞാൻ പറഞ്ഞല്ലോ അത് ചെയ്യുന്നതിന് സ്ഥലസൗകര്യം വേണം. അല്ലാതെ നടത്താൻ പറ്റില്ല. അല്ലെങ്കിൽ ടോട്ടൽ chaos ആയി മാറും. സ്ഥലസൗകര്യം മാത്രമല്ല അതിനോടൊപ്പം തന്നെ പുതിയ സംവിധാനങ്ങളും വേണ്ടിവരും. ഏതായാലും ഒരു കാര്യം വളരെ വ്യക്തമാണ് സ്പിരിറ്റ് നികുതി വെട്ടിപ്പ് നോക്കലല്ല വാണിജ്യ നികുതി ചെക്ക്പോസ്റ്റിൽ ചെയ്യുക. എക്സൈസ് ചെയ്ത പണി വീണ്ടും ഇവിടെ ആവർത്തിക്കാൻ നിന്നുകഴിഞ്ഞാൽ വാളയാറിലെ ഗതാഗതം അസാദ്ധ്യമായിത്തീരും. ചെയ്യാൻ പറ്റുന്നത് രേഖകൾ ശരിയാണോയെന്ന് നോക്കുക. ആ രേഖകളിൽ പറഞ്ഞതാണോ വണ്ടികളിൽ ഉള്ളതെന്ന് നോക്കുക റാന്റം ആയിട്ടേ പറ്റുകയുള്ളൂ.

ശ്രീ. എം. ചന്ദ്രൻ: സർ, ഇന്നത്തെ സാമൂഹ്യവ്യവസ്ഥയിൽനിന്നുകൊണ്ട് തന്നെ അഴിമതിക്കെതിരായി പൊരുതാനും അഴിമതി അവസാനിപ്പിക്കാനും കഴിയുമെന്ന് വ്യക്തമായി തെളിയിച്ചതാണ് അഴിമതിരഹിത വാളയാർ പദ്ധതി. ഈ പദ്ധതി നടപ്പിലാക്കിയതിനു ശേഷമുള്ള സൂക്ഷ്മവശങ്ങൾ പരിശോധിച്ചാൽ അവിടെയിവിടെ ചില അഴിമതികൾ നടക്കുന്നുണ്ട് എന്നുള്ളതല്ലാതെ അഴിമതിയുടെ കൂത്തരങ്ങായിരുന്നു വാളയാർ ചെക്ക്പോസ്റ്റ്. ഇന്ന് അത്തരത്തിലുള്ള ഒരു പരാതിയും അവിടെനിന്ന് വരുന്നില്ല. സ്പിരിറ്റ് കടത്ത് നോക്കാനിപ്പോൾ എക്സൈസുകാർക്ക് ആകെയുള്ള ഒരു ആയുധം ഒരു കമ്പിയാണ്. ആ കമ്പികൊണ്ട് കുത്തികുത്തി നോക്കിയാലൊന്നും സ്പിരിറ്റ് ആണെന്ന് മനസ്സിലാക്കാൻ വേണ്ടി കഴിയുകയില്ല. ഇന്നത്തെ കാലഘട്ടത്തിൽ ആധുനിക സങ്കേതങ്ങളാണ് സ്പിരിറ്റ് കടത്തുകാർ ഉപയോഗിക്കുന്നത്. അത്തരത്തിൽ ആധുനിക സങ്കേതങ്ങളുപയോഗിച്ച് കടത്തുന്ന സ്പിരിറ്റ് പിടിക്കണമെങ്കിൽ അതിനനുസൃതമായ മെഷിനറികൾ ചെക്ക്പോസ്റ്റുകളിൽ എക്സൈസ് വകുപ്പിന്റെ കയ്യിലും വേണം. അതിന് സ്കാനർ സ്ഥാപിക്കുകയെന്നുള്ളതുതന്നെയാണ് ആദ്യത്തെ നടപടി. സ്ഥലം കിട്ടിയില്ലെങ്കിലും സ്കാനർ സ്ഥാപിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ അങ്ങ് നടത്തുമോ ?

ഡോ. തോമസ് ഐസക്: സർ, സ്കാനറിന് ഏതാണ്ട് 20-25 കോടി രൂപ ചെലവ് വരും. അത് നമ്മൾ പ്രത്യേക സൗകര്യമില്ലാതെ ചെയ്താൽ പണം നഷ്ടപ്പെടുന്ന നില വരും. ഏതായാലും വാളയാർ സംബന്ധിച്ച് അങ്ങു പറഞ്ഞതുപോലെ ഒരു കാര്യം വ്യക്തമാക്കിയിട്ടുണ്ട്. നമുക്ക് വേണമെന്നുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അഴിമതി അവസാനിപ്പിക്കാം. ഇത്തരത്തിലുള്ള വാളയാർ പരീക്ഷണം ചീഫ് എൻജിനീയർമാരുടെ ഓഫീസിലും നടപ്പാക്കാൻ പറ്റുമോയെന്ന് നോക്കാം.

വിഷൻ 2010-ന്റെ പ്രവർത്തന പുരോഗതി

2 (*602) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു വർഷം ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം പ്രത്യേക പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന വിഷൻ 2010-ന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനമാണ് റോഡുകളും പാലങ്ങളും കെട്ടിടങ്ങളും വിഭാഗങ്ങളിലായി ചെയ്യുന്നത് ;

(സി) വിവിധ മണ്ഡലങ്ങളിലായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ,

(എ) വിഷൻ 2010 പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും അനുവദിക്കപ്പെട്ട നിരത്തുവിഭാഗത്തിലേയും കെട്ടിട വിഭാഗത്തിലേയും മിക്കവാറും പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള ജല അതോറിറ്റിയുടെ കീഴിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികളുടെ പണി പുരോഗമിച്ചുവരുന്നു.

(ബി & സി) വിഷൻ 2010 പദ്ധതി പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വിവിധ മണ്ഡലങ്ങളിലായി ആകെ ഭരണാനുമതി നൽകിയ 322.39 കോടി രൂപയുടെ പ്രവർത്തികളിൽ 2007-08 സാമ്പത്തിക വർഷത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 124.88 കോടി രൂപയുടെയും കെട്ടിട വിഭാഗത്തിൽ 14.85 കോടി രൂപയുടേയും പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2008-09 വർഷത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 158.20 കോടി രൂപയുടേയും കെട്ടിടവിഭാഗത്തിൽ 24.45 കോടി രൂപയുടേയും

LIBRARY ARCHIVES Kerala Legislative Assembly